# വാർത്താക്കുറിപ്പ്

തിരുവനന്തപുരം
Email: dioprdtvm@gmail.com
ഫോൺ: 0471 2731300

ജില്ലാ ഇൻഫർമേഷൻ ഓഫിസ്

**2018 സെപ്റ്റംബർ 03**

---

## സംസ്ഥാന പുനർ നിർമാണത്തിനായി 11 മുതൽ 15 വരെ ജില്ലയിൽ ധനസമാഹരണം

പ്രളയക്കെടുതിയിൽനിന്നു കരയേറുന്ന സംസ്ഥാനത്തിന്റെ പുനർ നിർമാണത്തിനായി ഈ മാസം 11 മുതൽ 15 വരെ ജില്ലയിൽ ധനസമാഹരണം. പൊതുജനങ്ങൾ, സംഘടനകൾ, സ്ഥാപനങ്ങൾ തുടങ്ങിയവരിൽനിന്നു കഴിയാവുന്നത്ര ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സമാഹരിക്കും. ജില്ലയുടെ ചുമതലയുള്ള മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവ വഴിയാകും ഫ ് ശേഖരണം.

സംസ്ഥാനത്തെ ഓരോ ആളുകളേയും പങ്കുകാരാക്കി പുതിയ കേരളം സൃഷ്ടിക്കുകയാണു ഫ ് ശേഖരണത്തിലൂടെ ലക്ഷ്യംവയ്ക്കുന്നതെന്ന് കളക്ടറേറ്റിൽ ചേർന്ന ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാൽ പറഞ്ഞു. നിർബന്ധപൂർവമുള്ള പിരിവല്ല, ഓരോ വ്യക്തിക്കും കഴിയാവുന്ന സഹായം എന്നതാണു ഫ ് ശേഖരണത്തിലൂടെ ലക്ഷ്യംവയ്ക്കുന്നത്. വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ ശേഖരിക്കുന്ന തുക താലൂക്ക് അടിസ്ഥാനത്തിൽ മന്ത്രിയുടെ നേതൃത്വത്തിൽ ഏറ്റുവാങ്ങുമെന്നും അദ്ദേഹം അറിയിച്ചു.

ഫ ് ശേഖരണവും ദുരന്ത നിവാരണ പ്രവർത്തനങ്ങളും അവലോകനം ചെയ്യുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാൻഡ്ങ് കമ്മിറ്റി ചെയർമാന്മാർ, മേയർ, കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷന്മാർ, ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, തദ്ദേശ സ്ഥാപന സെക്രട്ടറിമാർ എന്നിവരുടെ യോഗം നാളെ (സെപ്റ്റംബർ 5) കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ അധ്യക്ഷതയിലാണു യോഗം. ഇതിനു ശേഷം ഉദ്യോഗസ്ഥതല യോഗവും ചേരും. ഓരോ വകുപ്പുകളും ഫ ് ശേഖരണത്തിനു സ്വീകരിക്കുന്ന പദ്ധതി യോഗത്തിൽ അവതരിപ്പിക്കണമെന്നു ജില്ലാ കളക്ടർ ഡോ. കെ. വാസുകി നിർദേശിച്ചു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ എ.ഡി.എം. വി.ആർ. വിനോദ്, ജില്ലാ പൊലീസ് മേധാവി പി. അശോക് കുമാർ, ഡെപ്യൂട്ടി പൊലീസ് കമ്മിഷണർ ആർ. ആദിത്യ, ഡെപ്യൂട്ടി കളക്ടർമാർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## എലിപ്പനിക്കെതിരെ ജാഗ്രത; ശുചീകരണത്തിനിറങ്ങുന്നവർ പ്രതിരോധ മരുന്ന് കഴിക്കണം

എലിപ്പനിക്കെതിരെ ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം പുറപ്പെടുവിച്ച സാഹചര്യത്തിൽ ജില്ലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി. പ്രളയ ബാധിത ജില്ലകളിൽ ശുചീകരണത്തിനു പോകുന്നവരും മടങ്ങിയെത്തിയവരും എലിപ്പനി പ്രതിരോധത്തിനുള്ള ഡോക്സിസൈക്ലിൻ ഗുളിക നിർബന്ധമായും കഴിക്കണമെന്ന് ഇതു സംബന്ധിച്ച അവലോകന യോഗത്തിനു ശേഷം ജില്ലാ കളക്ടർ ഡോ. കെ. വാസുകി പറഞ്ഞു. ജില്ലയിലെ കിണറുകളും ജലാശയങ്ങളും ക്ലോറിനേറ്റ് ചെയ്യാൻ വിവിധ ഏജൻസികൾക്കു കളക്ടർ നിർദേശം നൽകി.

ശുചീകരണ ജോലികളിൽ ഏർപ്പെടുന്നവർ ഡോക്സിസൈക്ലിൻ 200 മില്ലി ഗ്രാം ഒരുമിച്ച് ആഴ്ചയിലൊരിക്കൽ കഴിക്കണം. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികൾ, പൊലീസ് ഉദ്യോഗസ്ഥർ, ഫയർ ആൻഡ് റെസ്ക്യൂ ഉദ്യോഗസ്ഥർ, വിവിധ സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം ഈ ഗുളിക കഴിക്കണം.

പനി, ശരീര വേദന, കാലിലെ പേശികളിൽ വേദന, കണ്ണിന് മഞ്ഞ നിറം, മൂത്രത്തിന്റെ അളവ് കുറവും നിറവ്യത്യാസവും തുടങ്ങിയ ലക്ഷണങ്ങളെന്തെങ്കിലുമു   ായാൽ തൊട്ടടുത്ത സർക്കാർ ആരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടണം. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ തുടങ്ങിയവ സർക്കാർ നൽകിയ ചികിത്സാ പ്രോട്ടോക്കോൾ കൃത്യമായി പാലിക്കണമെന്നും കളക്ടർ നിർദേശം നൽകി. പകർച്ചവ്യാധികളുമായി ഇത്തരം ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ എണ്ണവും മറ്റു വിവരങ്ങളും ദിവസവും ജില്ലാ മെഡിക്കൽ ഓഫിസിൽ അറിയിക്കണം.

തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ, വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർ തുടങ്ങിയവർക്കിടയിൽ എലിപ്പനി ബോധവത്കരണത്തിന് അതത് വകുപ്പുകളെ ചുമതലപ്പെടുത്തി. സ്കൂളുകളിൽ വിദ്യാർഥികൾക്ക് എലിപ്പനി ബോധവത്കരണം നടത്താനും എലിപ്പനി പ്രതിരോധവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലോചിക്കുന്നതിനു ചേർന്ന യോഗം തീരുമാനിച്ചു. ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിൽ എ.ഡി.എം. വി.ആർ. വിനോദ്, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. നീന റാണി (ഇൻ ചാർജ്), പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആർ.എ. ഹിൽക് രാജ്, ഹരിത കേരളം ജില്ലാ കോ-ഓർഡിനേറ്റർ ഡി. ഹുമയൂൺ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## പ്രളയത്തിൽ മുങ്ങിയ പാ    നാട് വൈദ്യുതി പുനഃസ്ഥാപിക്കാൻ കൈത്താങ്ങുമായി തിരുവനന്തപുരത്തെ സ്കൂൾ

പ്രളയം ഏറെ നാശംവിതച്ച പാ    നാട് പ്രദേശത്തെ കോളനികളിലെ വീടുകളിൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുന്നതിനു കൈത്താങ്ങുമായി തിരുവനന്തപുരത്തെ ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ. നെടുമങ്ങാട് മഞ്ച വി.എച്ച്.എസ്.എസിലെ ഇലക്ട്രിക്കൽ വിഭാഗം വിദ്യാർഥികളും അധ്യാപകരുമാണു പ്രളയക്കെടുതിയിൽ നിന്നു കരയേറുന്ന പാ    നാടിനു കൈത്താങ്ങായത്.

മിക്ക വീടുകളിലും വയറിങ് അടക്കം വൈദ്യുതി ബന്ധം നശിച്ചിരുന്നു. മഞ്ച സ്കൂളിൽനിന്നുള്ള സംഘം വയറിങ്ങുകൾ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ 74 വീടുകളുടെ വയറിങ് തകരാറുകൾ പരിഹരിച്ചു വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചു. 120ൽപ്പരം സ്വിച്ചുകൾ ഇവർ മാറ്റിവച്ചു. കേടായ പമ്പ് സെറ്റുകൾ, ഫ്രിഡ്ജ് എന്നിവ നന്നാക്കി. 30 പമ്പ് സെറ്റുകളും 12 ഫ്രിഡ്ജുകളും സംഘം പ്രവർത്തനക്ഷമമാക്കിയതായി സ്കൂൾ പ്രിൻസിപ്പാൾ എസ്. ബിനുരാജ് പറഞ്ഞു.

പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ ഇലക്ട്രിക്കൽ വിഭാഗം അധ്യാപകൻ എസ്. സാബു കുമാർ, തൊളിയക്കോട് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എൻജിനീയർ അനീഷ്, കാഞ്ഞിരപ്പള്ളി ടെക്നിക്കൽ സ്കൂളിലെ ട്രേഡ്സ്മാൻ നിഷിൽ എന്നിവർ വിദ്യാർഥികൾക്ക് നിർദേശങ്ങളും പിന്തുണയും നൽകി.

## കുക്ക്, പാർട്ട് ടൈം സ്വീപ്പർ അഭിമുഖം

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ ദക്ഷിണ മേഖലയ്ക്കു കീഴിലുള്ള ഇ.എസ്.ഐ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം കുക്ക് നിയമനം നടത്തുന്നതിനായി ഓഗസ്റ്റ് 13, 14, 16, 17 തീയതികളിൽ നടത്തിയ അഭിമുഖത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നവർക്കായി സെപ്റ്റംബർ 12ന് വീ ും അഭിമുഖം നടത്തും. ഇന്റർവ്യൂ കാർഡ് കൈപ്പറ്റിയവരും പങ്കെടുക്കാൻ കഴിയാതിരുന്നതുമായ ഉദ്യോഗാർഥികൾ 12 നു രാവിലെ 11 ന് കൊല്ലം പോളയത്തോടുള്ള ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഹാജരാകണമെന്ന് ദക്ഷിണ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

## ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

കഴക്കൂട്ടം ഗവൺമെന്റ് വനിതാ ഐ.ടി.ഐയിൽ ഹോസ്പിറ്റൽ ഹൗസ് കീപ്പിങ്, ഫാഷൻ ഡിസൈൻ ആൻഡ് ടെക്നോളജി എന്നീ ട്രേഡുകളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഹോസ്പിറ്റൽ ഹൗസ് കീപ്പിങ് ട്രേഡിൽ ര ും ഫാഷൻ ഡിസൈൻ ആൻഡ് ടെക്നോളജിയിൽ ഒന്നും ഒഴിവുകളാണുള്ളത്. യോഗ്യരായ ഉദ്യോഗാർഥികൾ സെപ്റ്റംബർ ആറിനു രാവിലെ 10 ന് ഐ.ടി.ഐയിൽ നേരിട്ടു ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. യോഗ്യതയും മറ്റു വിവരങ്ങളും 0471 2418317 എന്ന ഫോൺ നമ്പറിൽ ലഭിക്കും.

## താത്കാലിക ഒഴിവ്

നെടുമങ്ങാട് ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിൽ കണക്ക് വിഷയത്തിൽ ഹൈസ്കൂൾ അധ്യാപക തസ്തികയിൽ താത്കാലിക ഒഴിവു ്. യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളുമായി നാളെ (സെപ്റ്റംബർ 05) രാവിലെ പത്തന് അഭിമുഖത്തിനായി സ്കൂളിൽ നേരിട്ടു ഹാജരാകണം.

## ഭൂവിനിയോഗ സർവേയിലേക്ക് അപേക്ഷിക്കാം

തിരുവനന്തപുരം നഗരസഭാ പ്രദേശത്തിന് അമൃത് പദ്ധതിയുടെ കീഴിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള ഭൂവിനിയോഗ സർവെ നടത്തുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിന് താൽപ്പര്യമുള്ള ഐ.റ്റി.ഐ./ഐ.റ്റി.സി, സർവെ/ഡ്രാഫ്റ്റ്സ്മാൻഷിപ് യോഗ്യതയുള്ള ഉദ്യോഗാർഥികളെ ക്ഷണിക്കുന്നു.

ഭൂസർവെയിൽ മുൻപരിചയമുള്ളവർക്ക് മുൻഗണന. യോഗ്യതയുള്ള ഉദ്യോഗാർഥികൾ ജനനതീയതിയും മേൽ യോഗ്യതകളും മുൻപരിചയവും വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം സെപ്റ്റംബർ 15 ന് മുൻപായി നഗരാസൂത്രകൻ, മേഖലാ നഗരാസൂത്രണ കാര്യാലയം, ഒന്നാംനില, അപ്പർസോൺ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവവനന്തപുരം-695001 എന്ന വിലാസത്തിൽ അപേക്ഷിക്കണമെന്ന് ടൗൺ പ്ലാനിങ് ഓഫീസർ അറിയിച്ചു.